# അടിവാക്കൽ കുട്ടനും പൊള്ളുന്ന മുതലും

**ഡോ. എം. കുര്യൻ തോമസ്**



ഒരു കുട്ടനാടൻ കർഷക പ്രമാണിയുടെ തലയെടുപ്പും ആഭിജാത്യവും അതേസമയം ലളിതഹൃദയവും കുട്ടനാടിന്റെ പടിപ്പുരയായ കുറിച്ചിയിൽ ജനിച്ച ഗീവർഗീസ് ദ്വിതീയനുണ്ടായിരുന്നു. കൃത്രിമമല്ലാത്ത ആ പ്രൗഢിയോടെയായിരുന്നു അദ്ദേഹത്തിന്റെ എടുപ്പും നടപ്പും സംസാരവും. ജാതിപ്പേരും ആചാരഭാഷയും പതിതമല്ലായിരുന്ന കാലത്തെ ഒരു സംഭവം ഉദാഹരണമായെടുക്കാം.

1957-60 കാലഘട്ടത്തിൽ കേരളാ ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സഭ വക മെത്രാൻ കായലും സെമിനാരി കായലും കൈവിട്ടു പോകുമെന്ന നിലയിലെത്തി. അതിൽനിന്നും രക്ഷ നേടാൻ പാട്ടകൃഷിക്കാരെ ഒഴിപ്പിച്ചെടുക്കുക മാത്രമായിരുന്നു കരണീയം. അവരോരുത്തരുമായി കെ. ചെറിയാൻ വക്കീലിന്റെ നേതൃത്വത്തിൽ കോട്ടയത്തു വെച്ചു ചർച്ച നടത്തി. ചിലതൊക്കെ വിജയിച്ചു. ചിലത് പണം കൊടുത്ത് ഒഴിപ്പിച്ചെടുത്തു.

കായൽ നിലത്തിന്റെ ഒരു വലിയ ഭാഗം പാട്ടത്തിനെടുത്തിരുന്നത് അടിവാക്കൽ കുട്ടൻ എന്ന ഈഴവ പ്രമാണിയായിരുന്നു. ഇദ്ദേഹവുമായും മദ്ധ്യസ്ഥർ ചർച്ച നടത്തി. യാതൊരു ഉപാധികളും പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഗീവർഗീസ് ദ്വിതീയനെ നേരിട്ടു കാണണം എന്ന ഒറ്റ പിടിവാശിയിൽ അദ്ദേഹം ഉറച്ചു നിന്നു. *ജന്മി*യെ നേരിട്ടു കണ്ട് കൂടുതൽ തുക ആവശ്യപ്പെടാനാണെന്നു ധരിച്ച മദ്ധ്യസ്ഥർ അതൊഴിവാക്കാൻ പഠിച്ച പണി പതിനെട്ടും നോക്കി. പക്ഷേ അടിവാക്കൽ കുട്ടൻ തന്റെ ആവശ്യത്തിൽ ഉറച്ചുനിന്നു. ഗത്യന്തരമില്ലതെ മദ്ധ്യസ്ഥർ ഒരു കൂടിക്കാഴ്ച ക്രമീകരിച്ചു.

പറഞ്ഞ സമയത്ത് അടിവാക്കൽ കുട്ടനും മദ്ധ്യസ്ഥരും ഗീവർഗീസ് ദ്വിതീയൻ താമസിക്കുന്നിടത്തെത്തി. അദ്ദേഹം മുറി തുറന്നു പുറത്തേയ്ക്കു വന്ന ഉടൻ അടിവാക്കൽ കുട്ടൻ മേൽമുണ്ട് അരയ്ക്കു ചുറ്റി താണു തൊഴുതു. എന്നിട്ട് വായ്ക്കൈ പൊത്തി പറഞ്ഞു. *അടിയന്റെ ആഗ്രഹം സാധിച്ചു. തൃപ്തിയായി. ഒന്നു നേരിട്ടു കാണണമെന്നു മാത്രമേ ഉണ്ടായിരുന്നൊള്ളു. അടിയനു പണമൊന്നും വേണ്ട. വസ്തു ഒഴിഞ്ഞു തരാം. പ്രമാണം തയാറാണേൽ ഇപ്പോൾ ഒപ്പിട്ടു തരാം.* കേട്ടുനിന്നവർ സ്തംഭിച്ചു പോയി. സ്വല്പനേരത്തെ നിശബ്ദതയ്ക്കു ശേഷം ഗീവർഗീസ് ദ്വിതീയൻ ചോദിച്ചു: *എടാ കുട്ടാ, എന്റെ ജാതിക്കാരായ* ... (കോട്ടയത്തെ ചില പ്രമാണിമാരുടെ പേരു പറഞ്ഞു) *സ്ഥലം ഒഴിഞ്ഞു തന്നില്ല. പിന്നെ ഒരു ചോകോനായ നിനക്ക് ഈ ബുദ്ധി എങ്ങനെ തോന്നി?* അടിവാക്കൽ കുട്ടൻ മറുപടിയായി, *അടിയന് പാലിയത്തച്ചന്റെ അടക്കം കൃഷിയുണ്ട്. ഒന്നും ഒഴിഞ്ഞുകൊടുക്കുന്നില്ല. ഇത് പൊള്ളുന്ന മുതലാണ്. തിരിച്ചു തന്നില്ലേൽ അടിയന്റെ സന്തതി ഉണ്ണുകയുമില്ല, അടിയൻ കട്ടിലേൽ കിടന്നു ചാവുകയുമില്ല* എന്നു പറഞ്ഞു. *നിനക്കു നല്ലതു വരട്ടെ* എന്ന് അദ്ദേഹം അനുഗ്രഹിച്ചു. താമസിയാതെ ഒഴുമുറി പ്രമാണവും നടന്നു. അടിവാക്കൽ കുട്ടൻ സർവ്വസൗഭാഗ്യങ്ങളോടെ ദീർഘായുഷ്മാനായിരുന്ന് *കട്ടിലിൽ കിടന്നു തന്നെ* മരിച്ചു. ഗീവർഗീസ് ദ്വിതീയൻ പേരെടുത്തു പറഞ്ഞവരുടെ ഇന്നത്തെ സ്ഥിതി കോട്ടയംകാർക്കറിയാം.

(പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ഡയറിയുടെയും കല്പനകളുടെയും സമാഹാരമായ 'തിരുസന്നിധിയിൽ' എന്ന ഗ്രന്ഥത്തിൽ നിന്നും. സോഫിയാ ബുക്സ്, കോട്ടയം, 2016)